(ഇ) കാലവർഷം അതിന്റെ പൂർണ്ണതയിൽ എല്ലാ ജില്ലകളിലും എത്തിയിട്ടില്ലാത്തതിനാൽ, ഇതുവരെ പ്രത്യേക കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. കെടുതികളുടെ പൂർണ്ണമായ വിവരം ശേഖരിച്ച് താമസിയാതെ പ്രത്യേക കേന്ദ്ര സഹായം (എൻ.സി.ബി.എഫ്) അഭ്യർത്ഥിക്കുന്നതാണ്.

(എഫ്) വീട് പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് 15,000 രൂപയും ഭാഗികമായി കേട് സംഭവിക്കുന്നവർക്ക് 5,000 രൂപ വരെയും, വീടും സ്ഥലവും ഒന്നും ശേഷിക്കാതെ ഒലിച്ചുപോയവർക്ക് 25,000 രൂപയും ധനസഹായം നല്കുന്നു. പ്രായപൂർത്തിയായ ആൾ മരിച്ചാൽ ആശ്രിതർക്ക് 50,000 രൂപയും, പ്രായപൂർത്തിയാകാത്തവരുടെ ബന്ധുക്കൾക്ക് 15,000 രൂപയും നല്കുന്നു.

നിയമനാംഗീകാരമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ

9 (*389) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയിഡഡ് വിദ്യാലയങ്ങളിൽ മൂന്നും നാലും വർഷമായി നിയമനാംഗീകാരമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യാപകരുടെ നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇത്തരം അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുവാനും ശമ്പളം കൊടുക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി & സി) ഹൈസ്കൂൾ തലംവരെ 29-10-2001 വരെ നടത്തിയ നിയമാനുസൃതമായ നിയമനങ്ങൾ അംഗീകരിക്കാൻ 27-4-2002-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2002/പൊ.വി. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അതിനുശേഷമുള്ളവ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും അംഗീകരിക്കുന്നതു സംബന്ധിച്ചും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതുസംബന്ധിച്ച്. താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു.

1999-2000, 2000-2001, 2001-2002 എന്നീ മൂന്ന് അദ്ധ്യയന വർഷങ്ങളിലെ 7648 ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ ജി.ഒ. (എം. എസ്.) 261/2001/പൊ.വി. ഉത്തരവ് പ്രകാരം 17-8-2001-ൽ മാത്രമാണ് സൃഷ്ടിച്ചത്. ഇത്രയേറെ അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്വാഭാവികമായ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തീവ്രയത്നത്തിന്റെ ഫലമായി 6400 ലേറെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സുപ്രീംകോടതിയുടെ വിധി പ്രകാരമുള്ള നിയമന നിരോധനം നിലനിന്ന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിരുന്നില്ല. ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് പിന്നീടുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച വിവിധ വശങ്ങൾ പരിശോധിച്ചും പ്രസ്തുത അദ്ധ്യാപകരെ നേരിൽ കേട്ടും തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

നദി, കായൽ പുറംപോക്ക് സ്വകാര്യവ്യക്തികൾക്ക് പതിച്ചു നൽകുന്നത് സംബന്ധിച്ച കോടതി ഉത്തരവ്

10 (* 390) ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദി, കായൽ തുടങ്ങിയവയുടെ പുറംപോക്ക് സ്വകാര്യവ്യക്തികൾക്ക് പതിച്ചു നൽകാൻ പാടില്ല എന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്മൂലം കായലിനും കടലിനും മദ്ധ്യേയുള്ള ചെറിയ ദ്വീപുകളിൽ തലമുറകളായി താമസിക്കുന്നവർ കൈവശാവകാശ രേഖകൾ ഇല്ലാത്തതിനാൽ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോഴുള്ള നിയമമനുസരിച്ച് ഭൂമി പതിച്ചു നൽകുന്നതിന് തടസ്സമായതിനാൽ ഈ ഭൂവുടമകളെ സഹായിക്കാൻ ഏതെങ്കിലും നിയമ ഭേദഗതി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നദികളുടേയും മറ്റ് ജലസ്രോതസ്സുകളുടെയും തീരത്തുള്ള ഭൂമി പതിച്ചു നൽകുന്നത് ഒ.പി. നം. 17133/96 (ബി) യിലെ വിധി തീർപ്പിൽ കേരള ഹൈക്കോടതി വിലക്കിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകിവരുന്നുണ്ട്. പ്രസ്തുത ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ നിയമ ഭേദഗതി വരുത്തുവാൻ റവന്യൂ വകുപ്പിന് ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly